# ദീപ്ത




# Our lady of lourde's higher secondary school

UZHAVOOR

## ഒ.എൽ.എൽ. എച്ച്. എസ്.എസ്

## ഉഴവൂർ

# ദിശ

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്

പ്രിയ സുഹൃത്തുക്കളെ,

വിവര സാങ്കേതികവിദ്യ നിങ്ങളുടെ മുൻപിൽ അനന്തസാധ്യതകൾ തുറന്നിരിക്കുന്ന കാലഘട്ടത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. ഒരു ദശാബ്ദം മുൻപ് അചിന്തിനീയമായ പലതും ഇന്ന് സാധാരണമാക്കാൻ വിവരസാങ്കേതികവിദ്യയിലൂടെ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ ഈ ഓട്ടത്തിൽ, അല്പം മുൻപിലോ ഒപ്പമോ ഓടാൻ കഴിഞ്ഞില്ലെങ്കിൽ നാം ഈ മൽ സരക്കളത്തിൽ നിന്നും പുറത്തായിരിക്കും.

ഈ ഓട്ടത്തിൽ നിങ്ങളെ സഹായിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകരണത്തിന്റെ ലക്ഷ്യം. കുട്ടികളായ നിങ്ങളുടെ വിവിധങ്ങളായ കഴിവുകൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ് ക്ലബ് ഈ ഡിജിറ്റൽ മാസിക തയാറാക്കിയത്.

വിവര സാങ്കേതിക വിദ്യയിലെ കഴിവുകളോടൊപ്പം കല, സാഹിത്യം എന്നീ മേഖലയിലെ നിങ്ങളുടെ കഴിവുകൾക്കൂടി വളർത്താൻ ഇതുവഴി കഴിയുന്നുണ്ട്. ഈ ഉദ്യമത്തിന് നിങ്ങൾ എടുത്ത ത്യാഗത്തെ ഞാൻ സർ വാത്മനാ നമിക്കുന്നു. ഇതിന്റെ പൂർത്തീകരണത്തിൽ സഹായിച്ച അദ്ധ്യാപകരേയും മറ്റെല്ലാവരേയും ഞാൻ ഏറെ നന്ദിയോടെ ഓർക്കുന്നു. കുട്ടികൾ എന്ന നിലയിൽ ഇതുൽ വന്നുപോയ പോരായ്മകളെ സദയം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കുട്ടികളായ ഞങ്ങളുടെ കഴിവുകളെ പ്രഭാപൂരിതമാക്കാൻ ഞങ്ങളോടൊപ്പം നിന്ന എല്ലാവരോടും നിറഞ്ഞ ഹൃദയത്തോടെ നന്ദി

- **ജറോം സൈമൺ**

ചീഫ് എഡിറ്റർ

# സന്ദേശം

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ മാഗസിൻ സമർപ്പിക്കുന്നതിൽ വളരെയധികം അഭിമാനമുണ്ട്. കുട്ടികളുടെ ഭാവനകൾ അവർതന്നെ കമ്പ്യൂട്ടറിൽ രചിക്കുമ്പോൾ, സാഹിത്യവാസനയോടൊപ്പം കമ്പ്യൂട്ടർ പരിജ്ഞാനവും വർധിക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുവാൻ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ സഹായകമാകട്ടെയെന്ന് ആശംസിക്കുന്നതോടൊപ്പം അതിന് പ്രോത്സാഹനം കൊടുക്കുന്ന അധ്യാപകരെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.

സ്നേഹാശംസകളോടെ

**ജോസ് എം ഇടശ്ശേരി**
ഹെഡ്മാസ്റ്റർ

# ഉള്ളടക്കം

ജീവിതം ഒരു നിഴൽ......6
മർഗംകളി......7
തൂലികാനാമങ്ങൾ......8
ഡി. എൻ.എ യുടെ സംഭരണശേഷി......9
ബേക്കൽക്കോട്ട......11
കെ.ആർ.നാരായണൻ (1920-2005)ഫ......12
The Love of the Creator......14
ഗണിതശാസ്ത്രജ്ഞർ......15
**പൈതഗോറസ്......15**
**യൂക്ലിഡ്......15**
**ഥേൽസ്......16**
കരുത്തനായ ബാലൻ......17
നഗരം : സവിശേഷതകൾ......19
ജലം......20
താമ്രശിലായുഗം......21
ഈജിപ്ഷ്യൻ സംസ്കാരം......22
പഞ്ചഭൂതങ്ങൾ......23
എന്റെ ഓണക്കാലം......24
Any Women......25
Importance of Education......26

# ജീവിതം ഒരു നിഴൽ

നിഴലായ് മറഞ്ഞോ എൻെറ സ്വപ്നങ്ങൾ

നിഴലാണെന്നുമെന്റെ കൂട്ടുകാരൻ

നിഴലാണെന്റെ മാതാപിതാക്കൾ

നിഴലാണിന്നെനിക്ക് സഹോദരങ്ങൾ

നിഴാലായ് വന്നൊരു പേമാരിയിൻ

നിഴലായിരുന്നൊരെന്റെ സന്തോഷത്തെ

നിഴലായതെങ്ങോ കൊണ്ടുപോയി

നിഴലായതെങ്ങോ മറഞ്ഞുപൊായി

പിടിവള്ളി കിട്ടുമ്പോൾഅതും നിഴൽ മാത്രം

ഓർമ്മകളെപ്പോഴുമൊരു നിഴൽ മാത്രം

പിൻതുടരുമെപ്പൊഴും എൻ നിഴൽകൂടെ

ഇരുട്ടി മറഞ്ഞെന്റെ നിഴലെങ്ങോ

- എബിൻ സുനിൽ

# മർഗംകളി

സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുള്ള വിനോദകലയണിത്. ക്രൈസ്തവശിഷ്യനായ മാർത്തോമ്മായുടെ കേരളപ്രവേശവും അദ്ദേഹത്തിന്റെ മതപരിവർത്തനസംരംഭങ്ങളുമാണ് മാർഗംകളിപ്പാട്ടുകളിൽ വിഷയമായി സ്വീകരിച്ചിട്ടുള്ളത്. സുറിയാനി ക്രിസ്ത്യാനികളുടെ, പ്രത്യേകിച്ചും ക്നാനായസുറിയാനിക്കാരുടെ വിവാഹാവസരങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ചടങ്ങാണിത്.

- ആർച്ച റ്റി.എ

# തൂലികാനാമങ്ങൾ

| | | |
|---|---|---|
| കേരളകാളിദാസൻ | – | കേരളവർമ്മ  വലിയ കോയിത്തമ്പുരാൻ |
| വാനമ്പാടി | – | മേരിജോൺ കൂത്താട്ടുകുളം |
| ഒളപ്പമണ്ണ- | – | സുബ്രഹ്മണ്യൻ നമ്പൂതിരി |
| പി. | – | പി. കുഞ്ഞിരാമൻ നായർ |
| ജി. | – | ജി ശങ്കരക്കുറിപ്പ് |
| കാവാലം- | – | നാരായണപ്പണിക്കർ |
| മാദവിക്കുട്ടി | – | കമലാസുരയ്യ |
| കാക്കനാടൻ- | – | ജോർജ്ജ് വറുഗീസ് |
| ഉറൂബ് | – | പി.സി കുട്ടിക്രിഷ്ണൻ |
| സേതു- | – | സേതുമാതവൻ |
| ആനന്ദ് | – | പി. സച്ചിദാനന്ദൻ |
| പാക്കനാർ | – | ഉണ്ണിക്രഷ്ണൻ പൂത്തൂർ |
| ആഷാമേനോൻ | – | കെ. ശ്രീകുമാർ |
| കേസരി | – | എ.ബാലക്രഷ്ണപിള്ള |
| രേവതി | – | ടി. ആർ.ശങ്കുണ്ണി |
| വിലാസിനി | – | എം.കെ മേനോൻ |

– കാർത്തികേയൻ സുരേഷ്

# ഡി. എൻ.എ യുടെ സംഭരണശേഷി

കമ്പ്യൂട്ടർ തങ്ങൾ ഉൽപാദിപ്പിക്കുന്ന ഭീമമായ അളവിലുള്ള വിവരങ്ങൾ ആവശ്യമുള്ളപ്പോൾ ഉപയോഗിക്കുന്നതിനായി കമ്പ്യൂട്ടറുകളിൽ ശേഖരിച്ചുവെക്കേണ്ടതാണ്. ഇത്തരം വിവരങ്ങൾ സൂക്ഷിക്കുന്ന രീതിക്ക് ഒരു സമൂലമാറ്റം വരുത്താൽ ശാസ്ത്രജ്ഞന്മാർ ആഗ്രഹിക്കുന്നു. പ്രകൃതിയിൽ കാണുന്ന വളരെ മികച്ച ഒരു വിവരസംഭരണ സംവിധാനംമാണ് - ഡി.എൻ.എ.

സവിശേഷത : ജീവകോശങ്ങളിൽ കാണുന്ന ഡി.എൻ.എ-യിൽ കോടിക്കണക്കിന് ജീവശാസ്ത്രപരമായ വിവരങ്ങൾ അടങ്ങിയിരിക്കുന്നു. മാമത്തുകളുടെ എല്ലുകളിൽ നിന്നുപോലും അവ ശേഖരിക്കാനും, ആ വിവരങ്ങൾ വായിച്ച് മനസിലാക്കാൻ സാധിക്കും എന്ന് യൂറോപ്യൻ ബയോ ഇൻ ഫൊർമാറ്റിക്സ് ഇൻസ്റ്റിറ്റ്യൂലെ നിക്ക് ഗോൾഡ്മാൻ പറയുന്നു. ഡി.എൻ. എ അവിശ്വസനീയമാം വണ്ണം ചെറുതും സാന്ദ്രതയുള്ളതും വിവരങ്ങൾ സംഭരിച്ചുവെക്കാൻ ഊർജം ആവശ്യമില്ലാത്തതും ആയ ഒന്നാണ്. "അതുകൊണ്ട് അത് സൂക്ഷിക്കുന്നതും ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതും എളുപ്പമാണ്" എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഇനി ഡി.എൻ.എ-യ്ക്ക് മനുഷ്യനിർമ്മിത വിവരങ്ങൾ സംഭരിക്കാൻ കഴിയുമോ? കഴിയും എന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്. സിഡികളിലും മറ്റും വിവരങ്ങൾ സംഭരിച്ച

വെക്കുന്നതുപോലെ, കോഡുഭാഷയിലുള്ള വാക്കുകളും ചിത്രങ്ങളും ശബ്ദങ്ങളും ഉൾപ്പെടുത്തി ശാസ്ത്രജ്ഞർ ഡി.എൻ. എ- രൂപീകരിച്ചു. പിന്നീട്, ഈ ഫയലുകൾ സംഭരിച്ചുവെച്ചിരുന്ന വിവരങ്ങൾ 100 ശതമാനം കൃത്യതയോടെ വായിച്ചെടുക്കാൻ ഗവേഷകർക്ക് സാധിച്ചു. താമസിയാതെ ഈ രീതി ഉപയോഗിച്ച് ഒരു ഗ്രാം കൃത്രിമ ഡി.എൻ.എ യിൽ 30 ലക്ഷം സിഡിയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ സംഭരിച്ചുവെക്കാനാകും എന്ന് ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. നൂറുകണക്കിനോ ആയിരക്കണക്കിനോ വർഷത്തേക്കുപോലും വിവരങ്ങൾ ശേഖരിച്ചു വെക്കാനാകും. അതുകൊണ്ട് ഡി.എൻ.എ-യെ ഏറ്റവും മികച്ച വിവര സംഭരണ ഉപാധി എന്ന് വിളിക്കുന്നു.

- എൻസൺ ഷിജു

# ബേക്കൽക്കോട്ട

കേരളത്തിലെ ഏറ്റവും വലിയകോട്ട കാസർഗോഡ് ജില്ലയിലെ ബേക്കൽക്കോട്ടയാണ്. പതിനേഴാംനൂറ്റാണ്ടിൽ ഇക്കേരിവംശത്തിലെ ബെദ്നേറിലെ ശിവപ്പനായ്ക്കൻ നിർമിച്ചതെന്ന വിശ്വസിക്കപ്പെടുന്ന ഈ കോട്ട കടലിന് അഭിമുഖമാണ് സ്ഥിതിച്ചെയുന്നത്. ടിപ്പുവിന്റെ മലബാർ പടയോട്ടക്കാലത്ത് ബേക്കൽക്കോട്ടയിൽ ഒരു പ്രധാന പട്ടാളത്താവളമായിരുന്നു. 1799-ൽ ടിപ്പു ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടികൊല്ലപ്പെട്ടതോടെ കോട്ട ഈസ്റ്റിന്ത്യാ കമ്പനിയുടെ കിഴിലായി. ആർക്കിയോളജിക്കൽ സർവേയുടെ കീഴിലുള്ള ചരിത്രസ്മാരകമാണ് ഇന്ന് കോട്ട.

ഹോസ്ദുർഗിലെയും കുമ്പളയിലെയും ചന്ദ്രഗിരിയിലെയും കോട്ടകളും ബെദ്നോർയ്ക്കന്മാർ നിർമിച്ചതാണ്.

- റെമിൻ റെജി

# കെ.ആർ.നാരായണൻ (1920-2005)

എളിയ നിലയിൽ തുടങ്ങി സ്വന്തം പരിശ്രമത്തിലൂടെ ജീവിതത്തിൽ അത്യുന്നതപദവിയിൽ എത്തിച്ചേർന്ന മഹദ് വ്യക്തിയാണ് കെ.ആർ.നാരായണൻ. ഇന്ത്യയുടെ പത്താമത്തെ രാഷ്ട്രപതിസ്ഥാനം അലങ്കരിച്ച അദ്ദേഹം കേരളത്തിന്റെ അഭിമാനപാത്രം കൂടിയാണ്. ഇന്ത്യൻ ഭരണതന്ത്രജ്ഞൻ എന്ന നിലയിൽ പ്രശസ്തിയാർജിച്ച കെ.ആർ.നാരായണൻ ലേഖകനും ഗ്രന്ഥകാരനും വിദ്യാഭ്യാസവിചക്ഷണനും വാഗ്മിയും കൂടിയാണ്.

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമത്തിൽ 1920 ഒക്ടോബർ 27-ന് ഒരു പിന്നോക്ക സമുദായത്തിൽ ജനിച്ച നാരായണൻ ചെറുപ്പത്തിലെ പഠിത്തത്തിൽ ബഹുമിടുക്കനായിരുന്നു. എം.എ ഇംഗ്ലീഷിൽ ഒന്നാം റാങ്കോടെയാണ് അദ്ദേഹം പാസ്സായത്. ഒന്നാം റാങ്കുണ്ടായിരുന്നിട്ടുപോലും അദ്ദേഹത്തിന് ഒരു ജോലി ലഭിച്ചില്ല. കോളേജിലെ അധ്യാപകനാകാൻ ആഗ്രഹിച്ച അദ്ദേഹത്തിന്റെ മോഹം പൊലിഞ്ഞു പോവുകയാണുണ്ടായത്. സവർണമേതാവിത്ത ഗൂ ഢാലോചനയായിരുന്നു ഇതിനു പിന്നിൽ. ഇതിന്റെ മധുരപ്രതികാരമായി അദ്ദേഹം നമ്മുടെയെല്ലാം രാഷ്ട്രപതിയായി തിളങ്ങി. ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ നാരായണൻ ഇന്ത്യൻ വിദേശകാര്യവകുപ്പിൽ

ജോലിയിൽ ചേർന്നു. തായലന്റ്, തുർക്കി, ചൈന, യു.എസ്. എന്നിവിടങ്ങളിൽ ഇദ്ദേഹം അംബാസിഡറായി പ്രശസ്തമായ നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി വൈസ് ചാൻസലർ,ഇന്ത്യയുടെ യു.എൻ.പ്രതിനിധി (1979) എന്നീ നിലകളിലും ഇദ്ദേഹം പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റു ഫെലോഷിപ്പ് നാരായണന് ലഭിച്ചട്ടുണ്ട്. രണ്ടു പ്രാവശ്യം ഒറ്റപ്പാലത്തുനിന്ന് എം.പി. യായി തെരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം 1985-ൽ കേന്ദ്രത്തിൽ പ്ലാനിംങ് വകുപ്പിൽ സഹമന്ത്രിയായി പ്രവർത്തിച്ചിരുന്നു. പിന്നീട് ഉപരാഷ്ട്രപതിയായി. 1997 ജൂലായ് 25-ന് ഇന്ത്യയുടെ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം പ്രതിസന്ധിജഘട്ടങ്ങളിൽ വളരെയധികം ചിന്തിച്ച് ന്യായയുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിലും ധീരമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിലും മികവ് കാട്ടിയിട്ടുണ്ട്

കഠിനാധ്വാനത്തിലൂടെ വളരാനാഗ്രഹിക്കുന്ന യുവ തലമുറയ്ക്ക് ഉത്തമമാതൃകയായിരുന്നു കെ.ആർ. നാരായണൻ 2005 നവംബർ 9-ന് അന്തരിച്ചു.

- എയ്ഞ്ചൽ സുനിൽ

# The Love of the Creator

The flower that bloom,
The trees that swing
Because gods grace
Is within them
The birds that fly
Because gods grace It within them
The river that flows down
Down through the village
Seems to be so beautiful
Because they area blessing
The peacocks that dance
with their colourful feather
In the cloudy days of monsoon
gives peace to mind and pleasure
Nature a blessing
with a number of gods blessing
which only knows to love each other
and love the creator of Nature.

*- Bertin Binu*

# ഗണിതശാസ്ത്രജ്ഞർ

## പൈതഗോറസ്

ഭൂമി ഉരുണ്ടതാണെന്ന് തെളിയിച്ച ഗ്രീക്ക് ഗണിതശാസ്ത്രജ്ഞൻ. ഇദ്ദേഹത്തിന്റെ ജീവിത ദർശനങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ച. പൈതഗോറിയൻ സഹോദരസംഘത്തിൽപ്പെട്ടവർ സംഖ്യകളെ ദൈവമായി ആരാധിക്കുകയും ചെയ്തിരുന്നു. ജ്യാമിതിയിലെ ഏറ്റവും പ്രശസ്തമായ സിദ്ധാന്തമാണ് 'പൈതഗോറസ് സിദ്ധാന്തം'. സിദ്ധാന്തത്തിന് ഒരു തെളിവ് ആദ്യമായി നൽകിയത് ഇദ്ദേഹമാണ്. സംഗീതവും ഗണിതവും തമ്മിലുള്ള ബന്ധം ആവിഷ്കരിച്ചത് ഇദ്ദേഹമാണ്.

## യൂക്ലിഡ്

ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്നു. അന്നുവരെജ്യാമതിയിൽ ഉണ്ടായിട്ടുള്ള തത്ത്വങ്ങളെ ക്രോഡീകരിച്ച ഗ്രന്ഥമായ അടിസ്ഥാനതത്ത്വങ്ങൾ ഗണാതശാത്രജ്ഞന്മാരുടെ ബൈബിൾ എന്നറിയപ്പെടുന്നു. സംഖ്യകളുടെ ഉ.സാ.ഘ കാണുന്നരീതി ആവിഷ്കരിച്ചത് യൂക്ലിഡ് ആണ്. 2 എന്ന സംഖ്യ അപരിമേയമാണ്, അഭാജ്യസംഖ്യകൾ അനന്തമാണ് എന്നീകണ്ടുപിടുത്തങ്ങൾ നടത്തിയത് ഇദ്ദേഹമാണ്.

## ഥേൽസ്

ബി.സി 624 ൽ ജനനം. ഗ്രീക്ക് ഗണിതശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്. ത്രികോണങ്ങളേയും വൃത്തങ്ങളേയും സംബന്ധിച്ച നിരവധി സിദ്ധാന്തങ്ങൾ അദ്ദേഹം കണ്ടെത്താമെന്ന് തെളിയിച്ചു. ഓരോ വ്യാസവും വൃത്തത്തെ രണ്ടുസമഭാഗങ്ങളായി ഭാഗിക്കുന്നു. സമപാർശ്വത്രികോണത്തിന്റെ പാദകോണുകൾ തുല്യങ്ങളാണ്. രണ്ടു ഋജുരേഖകൾ അന്യോന്യം ഖണ്ഡിക്കുമ്പോഴുണ്ടാകുന്ന വിപരീത കോണുകൾ തുല്യങ്ങളാണ്. പാദവും പാദകോണുകളും തന്നാൽ ത്രിഭുജം വരയ്ക്കാം, തുടങ്ങിയ ക്ഷേത്രഗണിത സിദ്ധാന്തങ്ങൾ ഇദ്ദേഹമാണ് അവതരിപ്പിച്ചത്. ക്ഷേത്രഗണിതത്തിലെ തെളിവ് എന്ന ആശയം സംഭാവന ചെയ്തു. ബി.സി 546 ൽ മരണം.

- അനമോദ് എൻ.എം

# കരുത്തനായ ബാലൻ

അവധിക്കാലത്തിന്റെ ഉത്സാഹത്തിലാണ് കുട്ടികൾ വിളവെടുപ്പുകഴിഞ്ഞ് വേനലിൽ വറ്റിവരണ്ട പാടത്തും പറമ്പിലുമെല്ലാം കുട്ടികൾ ഓരോതരം കളികളുമായി കൂടിയിരിക്കുകയാണ്. ചിലർ പന്തുകളിക്കുന്നു. മറ്റുചിലർക്ക് കബഡികളിയിലാണ് താത്പര്യം. വെറെ ചിലർ മുഖത്തു ചായം തേച്ച് നാടകത്തിനൊരുങ്ങുന്നു.

നരേന്ദ്രനും കൂട്ടുകർക്കും ഒരാശയം ഉദിച്ചു, വ്യായാമം ചെയ്താലോ? അവർ ഒരു കായികാഭ്യാസക്കളരി (ജിംനേഷ്യം) സ്ഥാപിക്കാൻ തീരുമാനിച്ചു. പല വീടുകളിൽ നിന്നുമായി ആവശ്യത്തിനുള്ള സാധനങ്ങൾ സ്വരൂപിച്ചു. മണ്ണിൽ കുഴികുത്തിയും പൂഴിവിരിച്ചും അവർ ഒരുക്കങ്ങൾ ചെയ്യുകയാണ്. ആ വഴി വന്ന ഒരു വെള്ളക്കാരന് ഇതു കണ്ടപ്പോൾ കൗതുകം തോന്നി. കൊള്ളാമല്ലോ കുട്ടികളുടെ വിനോദം "എന്താ നിങ്ങളീ ചെയ്യുന്നത്?" "ഒരു ജിംനേഷ്യം ഒരുക്കുകയാണ്" " ഞാനും കൂടട്ടെ ?" "സ്വാഗതം" കുട്ടി കളോടെപ്പം ആ വെള്ളക്കാരനും ചേർന്നു അയാൾ ഒരു ബ്രിട്ടീഷ്നാവികനായിരുന്നു. ഒരുവലിയ തൂൺ ഉയർത്തി നിർത്തണം. ആ ചുമതല നാവികൻ ഏറ്റെടുത്തു. തൂൺ ഉയർത്തുന്നതിനിടയിൽ അതു വഴുതി അയാളുടെ തലയിൽ വന്നു വീണു നെറ്റിപൊട്ടി ചോര ഒലിക്കാൻ തുടങ്ങി. വേദനകൊണ്ട അയാൾ നിലത്തു വീണുപോയി.

നാവികന് വലതും സംഭവിക്കുമോ? ഇനിയും അവിടെ നിന്നാൽ അപകടമാണന്ന കരുതിയ കുട്ടികൾ വീട്ടുകളിലേക്ക് ഓടിമറഞ്ഞു. നരേന്ദ്രൻ ഒറ്റയ്ക്കായി. അയാൾ നാവികന്റെ അടുത്തു ചെന്നു. തന്റെ വസ്ത്രം കീറി മുറിച്ചു തുടച്ചു. കൂടുതൽ രക്തം വാർന്നു പോകാതിരിക്കാൻ ആ തുണി നെറ്റിയിൽ ചുറ്റിക്കെട്ടി. മുതിർന്ന ചില ആളുകളെ സഹായത്തിനു കൂട്ടി നാവികനെ ആശുപത്രിയിൽ എത്തിച്ചു. അസുഖം ഭേദമായ നാവികൾ നരേന്ദ്രന് നന്ദി പറഞ്ഞു മടങ്ങി. കരുത്തനായ ഈ ബാലനാണ് പിൽക്കാലത്ത് ലോകപ്രസിദ്ധനായി തീർന്ന സ്വാമി വിവേകാനന്ദൻ

- ജോസ്റ്റൺ സജി

# നഗരം : സവിശേഷതകൾ

വൈവിധ്യങ്ങളുടെ കേന്ദ്രം
പല ഭാഷകൾ സംസാരിക്കുന്ന
പല വേഷങ്ങൾ അണിയുന്ന
പല വിധതൊഴിലുകളുടെ ദേശം
വ്യവസായത്തോടും വ്യാപാരത്തോടും ബന്ധപ്പെട്ട
തൊഴിലുകൾ
തൊഴിലുകൾ വിവിധ സാമ്പത്തിക-സാമൂഹിക
വർഗങ്ങളെ ഉണ്ടാക്കുന്നു
വലിയ കെട്ടിടങ്ങളുടെ കേന്ദ്രം
ഫ്ളാറ്റുകൾ, മാളുകൾ
സൂപ്പർമാർക്കറ്റുകൾ,ബംഗ്ലാവുകൾ
നാകരികജീവിതരീതികൾ
ഫാഷനുകൾ
ആധുനിക ജീവിതരീതികൾ
വൈവിധ്യപൂർണമായ ജീവിതരീതിശൈലികൾ
കൂടുതൽ ജനസാന്ദ്രത
ചേരിപ്രദേശങ്ങൾ

- സോനുമോൻ തോമസ്

# ജലം

ജീവന്റെ നിലനിൽപ്പിന് ഏറെ പ്രധാനമായ ഒരു ഘടകമാണ് ജലം. ജലം ഇല്ലാതെ മനുഷ്യനൊരു നിമിഷം പോലും ജീവിക്കാനാവില്ല. ഭൂമിയിൽ 100-ൽ 75 ശതമാനവും ജലമാണ്. അതിനാൽ ഭൂമിക്ക് മറ്റൊരു നാമവും കൂടിയുണ്ട്. "ജലഗ്രഹം".മനുഷ്യരുടെ മാത്രമല്ല, ജീവികളുടെ നിലനിൽപ്പിനും ജലം അത്യന്താപേക്ഷിതമാണ്. ജലം തണുത്തുറയുമ്പോൾ സാന്ദ്രത കുറയുന്നതുമൂലമാണ് മഞ്ഞുകട്ട ജലത്തിൽ പൊങ്ങിക്കിടക്കുന്നത്. ഈ സവിശേഷതകൊണ്ടാണ് മഞ്ഞുമൂടിയ ജലാശയങ്ങൾ മഞ്ഞുപാളിക്കടിയിൽ ജലം കാണപ്പെടുന്നത്. അല്ലായിരുന്നെങ്കിൽ ശൈത്യമേഖലകളിലെ ജലാശയങ്ങൾ മുഴുവൻ തണുത്തുറയുകയും ജലജീവികളെല്ലാം ചത്തൊടുങ്ങുകയും ചെയ്യുമായിരുന്നു.

- നന്ദു അനി

# താമ്രശിലായുഗം

ശിലായുഗത്തിൽ നിന്ന് ലോഹയുഗത്തിലേക്കുള്ള മാറ്റത്തിന്റെ കാലമായിരുന്നു താമ്രശിലായുഗം . ഈ കാലഘട്ടത്തിൽ മനുഷ്യർ കല്ല് കൊണ്ടുള്ള ഉപകരണങ്ങളോടൊപ്പം ചെമ്പ് (താമ്രം) കൊണ്ടുള്ള ഉപകരണങ്ങളും നിർമിച്ചു. താമ്രശിലായുഗത്തിൽ പ്രധാന കേന്ദ്രങ്ങളാണ് .

നവീനശിലായുഗത്തിലെയും താമ്രശിലായുത്തിലെയും മനുഷ്യജീവിതത്തെക്കുറിച്ചുള്ള തെളിവുകൾ ലഭിച്ചിട്ടുള്ള പ്രധാന കേന്ദ്രമാണ് തുർക്കിയിലെ ചാൽഹൊയുക്ക് . നഗരജീവിതത്തിൻ ആദിമ രൂപം നിലനിന്നിരുന്ന കേന്ദ്രമാണ് ഇത് .താമസസ്ഥലങ്ങളുടെ അവശിഷ്ടങ്ങളാണ് ഇവിടെനിന്ന് കൂടുതലായി ലഭിച്ചിട്ടുള്ളത് .

ചെളിക്കട്ടകൾ കൊണ്ടായിരുന്നു കുടിലുകൾ നിർമിച്ചിരുന്നത് . ഗോതമ്പ് , ബാർലി തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ ഇവിടെ നിന്ന് ലഭിച്ചിട്ടുണ്ട് .

- സനൽ ജോസ്

# ഈജിപ്ഷ്യൻ സംസ്കാരം

ഈജിപ്തിലെ നൈൽ നദിയുടെ തടാകത്തിലാണ് ഈ സംസ്കാരം വളർന്നുവന്നത്. കൃഷിയായിരുന്നു ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ അടിത്തറ. നെയ്ത്ത്, സ്ഫടികം, പാത്രനിർമ്മാണം എന്നിവയിലും അവർ ഏർപ്പെട്ടിരുന്നു. പ്രചീന ഈജിപ്ഷ്യൻ ജനത ഒരു എഴുത്തുവിദ്യരൂപ്പെടുത്തിയിരുന്നു. 'ഹൈറോഗ്ലിഫിക്സ്' എന്നാണ് അവരുടെ എഴുത്തു വിദ്യ അറിയപ്പെടുന്നത് . 'ഹൈറോഗ്ലിഫിക്സ്' എന്നാൽ 'വിശുദ്ധമായ എഴുത്ത് ' എന്നാണ് അർത്ഥം. പാപ്പിറിസ് ചെടിയുടെ ഇലകളാണ് അവർ എഴുതാൻ ഉപയോഗിച്ചത്. ശാസ്ത്രരംഗത്തും അവർ മികച്ച പുരോഗതി കൈവരിച്ചിരുന്നു . സൂര്യനെ അടിസ്ഥാനമാക്കിയുള്ള ഒരു കലണ്ടർ അവരാണ് തയ്യാറാക്കിയത് .









- ജസ്വിൻ സാബു

# പഞ്ചഭൂതങ്ങൾ

അനാദിയായ പ്രപഞ്ചത്തിന്റെ ഓരോതുടിപ്പും പഞ്ചഭൂതങ്ങളിൽ അധിഷ്ഠിതമാണ്. പ്രപഞ്ചത്തിലെ സകലചരാചരങ്ങളും പഞ്ചഭൂതാത്മകങ്ങളാണ്. ഭാരതീയ വിശ്വാസപ്രകാരം, ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ ഘടകങ്ങളിലധിഷ്ഠിതമാണ് പഞ്ചഭൂതസങ്കൽപ്പം.

പഠസഹസ്രാബ്ദങ്ങൾക്കു മുമ്പേ ഉരുത്തിരിഞ്ഞിരുന്നു. ഓംകാരമായ ശിവനിൽ നിന്നത്രേ പഞ്ചഭൂതാത്മകമായ പ്രപഞ്ചത്തിന്റെ ഉത്ഭവം. പഞ്ചഭൂതങ്ങളിലൊന്നിനെ മാറ്റിനിർത്തിക്കൊണ്ട് ലോകത്തിന് നിലനിൽപ്പില്ല. അത് പ്രകൃതിയുടെ പൂർണതയുടെ ലംഘനമായിരിക്കും ജീവലോകത്തിന്റെ ഉത്ഭവം പഞ്ചഭൂതങ്ങളിലാണ്. ഇവ കൂടിച്ചേർന്നാണ് അവയുടെ ശരീരം പഞ്ചഭൂതക നിർമ്മിതമായ തെന്നും പഞ്ചഭൂതത്തോടലിഞ്ഞു ചേരുന്നു. ജ്യോതിഷവും മന്ത്രതന്ത്രങ്ങളും സർവ്വ ശാസ്ത്രങ്ങളും പ്രകൃതിയുടെ പഞ്ചഭൂതാത്മകതയിൽ നാന്നു മുക്തമല്ലാ. ഇവയോരോന്നിനും അടിസ്ഥാനം ഊർജ്ജത്തിന്റെയും ദ്രവ്യത്തിന്റെയും ഈ സമന്വയമാണ്.

ഭാരതീയ സങ്കൽപ്പത്തിൽ മാത്രമല്ലാ ലോകത്തിന്റെ വിവിതഭാഗങ്ങളിൽ കാലാകാലങ്ങളായി പഞ്ചഭൂതസങ്കൽപ്പങ്ങൾ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. ഒന്നിനൊന്നു വ്യത്യസ്തമെങ്കിലും പഞ്ചഭൂതങ്ങളെ ദേവനായും ദേവതയായും മാതാവായും പിതാവായും സങ്കൽപ്പിക്കുന്നരീതി കാലഭേദങ്ങൾക്കതീതമായിരുന്നു . ഇന്നും പഞ്ചഭൂതങ്ങളുടെ ദൈവികതത്വത്തെ മനുഷ്യർ മനസ്സിലാക്കുന്നുണ്ട്.

- ജിസിൻ വി സജി

# എന്റെ ഓണക്കാലം

ഓണപുലർച്ചയിൽ കുളിച്ചൊരുങ്ങിവന്ന്
പൂക്കളിടുന്ന പൊന്നോണക്കാലം
ഓലക്കുടചൂടി പാതാളത്തിൽ നിന്നും
മാവേലി തമ്പുരാൻ വിരുന്നുവന്നു
പൂക്കളമിട്ടിട്ട് ഓണപാട്ടുപാടി
ഊയലാടുന്ന പൊന്നോണക്കാലം
പച്ചടി കിച്ചടി പപ്പടം പായസം
തൂശനലയിൽ വിളമ്പി വെച്ച്
മാവേലി തമ്പ്രാൻ വിരുന്നുവന്നു
കാലത്ത് സദ്യയൊരുക്കിടുന്നു
സൂര്യൻ തലക്കുമീതെ വരും നേരത്ത്
സദ്യകഴിക്കുന്ന പൊന്നോണക്കാലം
സദ്യകഴിഞ്ഞിട്ട് വീട്ടുമുറ്റത്തുകൂടി
ഓടിക്കളിക്കും പൊന്നോണക്കാലം
സന്ധ്യയ്ക്ക് മങ്കമാർ മുല്ലപ്പൂവും ചൂടി
തിരുവാതിര കളിച്ചീടുന്നു
അന്തിയിൽ തുമ്പയട കഴിച്ചിട്ട്
ഉറക്കത്തിലേക്ക് ചാഞ്ഞിടുന്നു

- ഷോൺ സൈമൺ

# Any Women

*Every time you ask her out*
*She turns you down .*
*You've seen a tear roll down her cheek*
*When she thinks there is no one around*
*You don't know what's going on*
*But you know there's something wrong*
*Well , it don't ake much to figure this one out .*
*She lies in bad with questions on her mind*
*Was she so worried about him and is ,*
*She gonna be all right ?*
*The night can be cold*
*When a memory at you hold*
*Yeah , I know what she's going through  tonight ,*
*LOVE*

*-Jerome Simon*

# Importance of Education

Education is the key to success and it is very important . Education should put before all other activities having an education can open many doors and opportunities in life that can help individuals to reach their goals better education is very necessary for all to go ahead in the life and get success it develops confidence and helps building personality of a person school education plays a great role in everyone life the whole education has divide into three divisions such as the primary education secondary education and higher second education all the divisions at education have they own importance and benefits primary education prepares the path for further study and higher second education prepares the ultimate path of the future and whole life. Our good or bad education decides that which type of person we would in the future.

- അക്ഷയ് രാജേന്ദ്രൻ